**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2519** **17-03-2022 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ സബ്‌ട്രഷറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്‌ട്രഷറി കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ചെറുപുഴ സബ് ട്രഷറി കെട്ടിടത്തിന്റെ സ്ഥലം ജനകീയ സമിതി വില കൊടുത്തു വാങ്ങി ട്രഷറി വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമി കൈയ്യേറി ചെറുപുഴ ഗ്രാമപഞ്ചായത്ത് പഞ്ചായത്തിന്റെ പുതിയ കെട്ടിടം പണിതതായി ശ്രദ്ധയിൽപ്പെടുകയും ഇത് പരിഹരിച്ച് ട്രഷറി വകുപ്പിന്റെ പേരിൽ വാങ്ങിയിരുന്ന ഭൂമിയോട് ചേർന്നുള്ള , പഞ്ചായത്തിന്റെയും സ്വകാര്യ വ്യക്തിയുടേയും ഭൂമി ട്രഷറിക്ക് വിട്ടു നൽകി ആയതിന്റെ സബ് ഡിവിഷൻ പൂർത്തിയാക്കി സബ് ട്രഷറി നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിട്ടുണ്ട്. പുതിയ സൈറ്റ് പ്ലാനിനു വേണ്ടി വില്ലേജ് ഓഫീസിൽ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. പുതിയ സൈറ്റ് പ്ലാനനുസരിച്ച കെട്ടിടത്തിന്റെ പുതുക്കിയ പ്ലാൻ തയ്യാറാക്കിയതിന് ശേഷം നിർവ്വഹണ ഏജൻസി മുഖേനെ DPR തയ്യാറാക്കേണ്ടതായുണ്ട്. DPR ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി അനുവദിക്കുന്ന ശുപാർശ ധനകാര്യവകുപ്പ് പരിശോധിക്കുന്നതാണ്. |
| (ബി) | എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഇൻകെലിനെയാണോ ചുമതലപ്പെടുത്തിയത്; എങ്കിൽ ഇൻകെൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പുതിയ നിർമ്മാണ പ്രവർത്തികളൊന്നും തന്നെ ഇൻകെൽ ലിമിറ്റഡിന് നൽകേണ്ടതില്ലായെന്ന് 27/08/2020 -ലെ U.O Note No. I&PW-B2/105/2020-Fin പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സബ്‌ട്രഷറിക്ക് ആവശ്യമായ സ്ഥലം എങ്ങനെയാണ് കണ്ടെത്തിയതെന്ന് അറിയിക്കാമോ? | (സി) | ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 59/ 1 ൽപെട്ട 5 സെന്റ് സ്ഥലം ജനകീയ സമിതി വിലകൊടുത്തു വാങ്ങി ട്രഷറി വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകുകയാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ